# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 13 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### അയ്യപ്പനെ കാണാൻ എഴുപതാം വയസ്സിലും കണ്ണുമണി എത്തി

കണ്ണുമണിക്ക് വയസ്സ് എഴുപതായി. പക്ഷേ അയ്യപ്പദർശനത്തിന് കയ്യിലൊരു ഊന്നുവടിയുമായി ഈ മാളികപ്പുറത്തിന്റെ വരവ് പാലക്കാട് വള്ളിക്കോട് നിന്ന് കാൽനടയായാണ്. കഴിഞ്ഞ ജനുവരി ഒന്നിന് യാത്രപുറപ്പെട്ട് 12ന് പതിനെട്ടാം പടി കയറിക്കഴിഞ്ഞപ്പോൾ മുഖത്ത് അയ്യപ്പനെക്കണ്ടതിലുള്ള ആഹ്ളാദം. ക്ഷീണം ഒട്ടുമില്ല. 'വരാതിരിക്കാൻ അയ്യപ്പസ്വാമി അനുവദിക്കുന്നില്ല. പടികയറുമ്പോൾ മനസ്സുമുഴുവൻ അയ്യപ്പസാമിയെക്കൊണ്ട് നിറയും'-കണ്ണുമണി സന്തോഷക്കണ്ണീരോടെ പറയുന്നു. നാല് മാളികപ്പുറങ്ങളുൾപ്പടെ 14 പേരാണ് കഴിഞ്ഞ ദിവസം എത്തിയത്. ഇവരുടെഗുരുസ്വാമി ഉണ്ണിസ്വാമിയാകട്ടെ അഞ്ച് വയസ്സിൽ തുടങ്ങിയതാണ് മലചവിട്ടൽ. 27 തവണ നടന്നുമാത്രം വന്നു. കണ്ണുമണി നാലാം വട്ടമാണ് പടി ചവിട്ടുന്നത്. കൂടെയുള്ള കൂട്ട് ശാന്തകുമാരിയാകട്ടെ മൂന്നാം തവണയാണ്. 14 വർഷമായി ശാന്തകുമാരി കരിമലവഴിവന്ന് പതിനെട്ടാം പടി ചവിട്ടുന്നു.12ന് വൈകിട്ടോടെ എത്തിയ ഇവരുടെ സംഘത്തിൽ ആകെ 80 പേരുണ്ട്. ഇതിൽ 14 പേർ ഒഴികെ എല്ലാവരും വാഹനങ്ങളിലാണ് വന്നത്. കണ്ണുമണിക്കും സംഘത്തിനും ഇനി മകരവിളക്ക് കണ്ട് നിർവൃതിയടഞ്ഞശേഷമാണ് മടക്കം. പാണ്ടിത്താവളത്ത് പർണശാലകെട്ടി മകരജ്യോതി ദർശിക്കാനുള്ള കാത്തിരിപ്പിലാണ് കണ്ണുമണിയും സംഘവും.

(ചിത്രമുണ്ട്)

**(പി.ആർ. ശബരി-345)**

## മകരവിളക്ക്: 950 കെ.എസ്.ആർ.ടി.സി ബസുകൾ സർവ്വീസ് നടത്തും

മകരവിളക്കു ദിനമായ ജനുവരി 15 ന് കെ.എസ്. ആർ.ടി.സിയുടെ 950 ബസുകൾ പമ്പയിൽ നിന്ന് സർവ്വീസ് നടത്തും.നിലയ്ക്കൽ പമ്പ ചെയിൻ സർവ്വീസിനായി മാത്രം നാനൂറ്റി അൻപത് ബസുകളാണ് ക്രമീകരിച്ചിരിക്കുന്നത്. പമ്പ ദീർഘ ദൂര ടെർമിനലിൽ നിന്നും 500 ബസുകൾ സർവീസ് നടത്തും.ഈ ബസുകൾ പമ്പയിൽ നിന്ന് പുറപ്പെടുന്ന മുറയ്ക്ക് പ്ലാപ്പള്ളിയിൽ പാർക്ക് ചെയ്തിരിക്കുന്ന 250 ബസുകളും എരുമേലി, പത്തനംതിട്ട, കൊട്ടാരക്കര, ചെങ്ങന്നൂർ, കോട്ടയം, എന്നിവിടങ്ങളിൽ പാർക്ക് ചെയ്തിരിക്കുന്ന അഞ്ഞൂറോളം ബസുകളും പമ്പയിലെത്തിച്ച് ദീർഘ ദൂര സർവീസുകൾ നടത്തും.
പമ്പ, നിലയ്ക്കൽ, പ്ലാപ്പള്ളി, പത്തനംതിട്ട എന്നിവിടങ്ങളിൽ നിന്നുള്ള സർവ്വീസുകൾക്ക് മേൽ നോട്ടം വഹിക്കാനായി കെ.എസ് . ആ ർ .ടി. സി യിലെ 50 ഓളം ഉന്നത ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മകരവിളക്കിനായി എത്തുന്ന തീർത്ഥാടകർക്ക് സുഗമമായ യാത്ര സൗകര്യങ്ങൾ ഉറപ്പു വരുത്തിയതായി കെ .എസ്. ആർ.ടി .സി അധികൃതർ അറിയിച്ചു.

**(പി.ആർ. ശബരി-346)**

## ഹരിവരാസനം പുരസ്കാരം നാളെ(ജനുവരി 15) ഇളയരാജ ഏറ്റുവാങ്ങും

ഹരിവരാസനം 2020-ലെ പുരസ്കാരം പത്മവിഭൂഷൺ ഇസൈ ജ്ഞാനി ഇളയരാജയ്ക്ക് സമ്മാനിക്കും. ശബരിമല അയ്യപ്പസന്നിധിയിലെ വേദിയിൽ മകരവിളക്ക് ദിനമായ 15 ന് രാവിലെ ഒൻപത് മണിക്ക് നടക്കുന്ന ചടങ്ങിൽ ദേവസ്വം -സഹകരണം -ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പുരസ്കാരം സമ്മാനിക്കും. സംസ്ഥാന സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും ചേർന്നാണ് ഹരിവരാസനം പുരസ ്കാരം ഏർപ്പെടുത്തിയത്. ഒരു ലക്ഷം രൂപയും ശിൽപ്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് ഹരിവരാസനം അവാർഡ്. രാജു എബ്രഹാം എം.എൽ എ അധ്യക്ഷത വഹിക്കുന്ന ചടങ്ങ് മന്ത്രി ഉദ്ഘാടനം ചെയ്യും.തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ.എൻ.വാസു ,ബോർഡ് അംഗങ്ങളായ അഡ്വ.കെ.എസ്.രവി, അഡ്വ.എൻ.വിജയകുമാർ, ആന്റോ ആന്റണി എം.പി ,ദേവസ്വം കമ്മീഷണർ ബി.എസ്.തിരുമേനി, ദേവസ്വം ഓംബുഡ്സ്മാൻ പി.ആർ.രാമൻ, ശബരിമല സ്പെഷ്യൽ കമ്മീഷണർ മനോജ്, ശബരിമല ഹൈപ്പവർ കമ്മിറ്റി മുൻ ചെയർമാൻ കെ.ജയകുമാർ തുടങ്ങിയവർ സംബന്ധിക്കും. ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.ജ്യോതിലാൽ പ്രശസ്തി പത്രം വായിക്കും.അവാർഡ് വിതരണ ചടങ്ങിൽ ഇളയരാജയുടെ സംഗീത വിരുന്നും ഉണ്ടാകും. നടൻ ജയറാം ഉൾപ്പെടെയുള്ള ചലച്ചിത്ര താരങ്ങളും ചടങ്ങിൽ മുഖ്യാതിഥികളായിരിക്കും.

**(പി.ആർ. ശബരി-347)**

## മകരവിളക്ക്; തിരക്ക് കണക്കിലെടുത്ത് 10 ലക്ഷം ടിൻ അരവണ കരുതിവയ്ക്കും

മകരവിളക്ക് ഉത്സവത്തിന്റെ ഭാഗമായുള്ള ഭക്തജനത്തിരക്കും ആവശ്യവും കണക്കിലെ ടുത്ത് 10 ലക്ഷം ടിൻ അരവണ കരുതിയിട്ടുണ്ടെന്ന് സന്നിധാനം എക്സിക്യൂട്ടീവ് ഓഫീ സർ വി.എസ്.രാജേന്ദ്രപ്രസാദ് അറിയിച്ചു.ഒന്നരലക്ഷം അപ്പവും സ്റ്റോക്കുണ്ട്. ഇതു കൂ ടാതെ ദിവസവും രണ്ടര ലക്ഷം വരെ അരവണ നിർമിക്കുന്നതിനുള്ള സജ്ജീകരണവും ഉണ്ട്.പ്രതിദിനം ഒരു ലക്ഷം അപ്പം നിർമിക്കാനുള്ള സംവിധാനം ദേവസ്വം ബോർഡിനു

ണ്ട്. ഭക്തർ കൂടുതലായി മകരജ്യോതി കാണാൻ കേന്ദ്രീകരിക്കുന്ന ഭാഗങ്ങളിലെ സുരക്ഷാ വേലികളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ട്. പുതുതായി നിർമിക്കേണ്ട സ്ഥലങ്ങളിൽ പോലീസ് നിർദ്ദേശ പ്രകാരം വേലികൾ സ്ഥാപിച്ചിട്ടുണ്ട്. മകരജ്യോതി കാണുന്നതിന് വലിയ കെട്ടിടങ്ങളുടെ മുകളിൾ കയറുന്നതിന് നിയന്ത്രണം ഏർപ്പെടുത്തും. പരിധിയിൽ കവിഞ്ഞ് ആളെ കയറാൻ അനുവദിക്കില്ല. തിരുമുറ്റത്ത് 2000 പേർക്ക് നിന്ന് കാണുന്നതിനുള്ള സൗകര്യമുണ്ടാകുമെന്ന് എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു.

**(പി.ആർ. ശബരി-348)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 13 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### അയ്യപ്പന് ചാർത്താൻ ആഭരണങ്ങളുമായി തിരുവാഭരണ ഘോഷയാത്ര പുറപ്പെട്ടു

മകരവിളക്കിന് ശബരിമല അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള ആടയാഭരണങ്ങളുമായി തിരുവാഭരണ ഘോഷയാത്ര പന്തളത്തുനിന്നും പുറപ്പെട്ടു. പരമ്പരാഗത പാതയിലൂടെ കാൽനടയായി നീങ്ങുന്ന ഘോഷയാത്രാ സംഘം മൂന്നാംദിവസം വൈകുന്നേരം ശബരിമലയിലെത്തിച്ചേരും.

പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിലെ സുരക്ഷിത മുറിയിൽ സൂക്ഷിച്ചിരിക്കുന്ന തിരുവാഭരണങ്ങളുടെ ലിസ്റ്റ് ഞായറാഴ്ച രാത്രി ദേവസ്വം അധികൃതരെ ബോധ്യപ്പെടുത്തി പേടകങ്ങൾ അടച്ചു. തിങ്കളാഴ്ച പുലർച്ചെ നാലിന് മുറി തുറന്ന് ആഭരണങ്ങൾ പുറത്തെടുത്തു. ആഭരണപ്പെട്ടികൾ തലയിലേറ്റുന്ന 24 അംഗങ്ങളേയും രാജപ്രതിനിധി ഭസ്മം നൽകി അനുഗ്രഹിച്ചു. 4.30-ന് കർപ്പൂര ആഴിയുടെ അകമ്പടിയിൽ ആഭരണങ്ങൾ വലിയകോയിക്കൽ ക്ഷേത്രത്തിലേക്ക് കൊണ്ടുവന്നു. തുടർന്ന് ആഭരണങ്ങൾ ദർശനത്തിനായി തുറന്നുവച്ചു.

11.45ന് തിരുവാഭരണ മാളികയിലെത്തിയ ഇളയ തമ്പുരാൻ ചതയം നാൾ രാമവർമ്മരാജ തിരുവാഭരണ വാഹകരെയും പല്ലക്കു വാഹകരെയും ഭസ്മം നൽകി അനുഗ്രഹിച്ചു. 11.50ന് വലിയതമ്പുരാനെയും രാജപ്രതിനിധി ഉത്രം നാൾ പ്രദീപ് കുമാർ വർമ്മയേയും വലിയകോയിക്കൽ ക്ഷേത്രത്തിലേക്ക് സ്വീകരിച്ചു. 12ന് ക്ഷേത്രത്തിൽ ഘോഷയാത്രയ്ക്കു മുന്നോടിയായുള്ള ചടങ്ങുകളാരംഭിച്ചു. മേൽശാന്തി ശ്രീകോവിലിൽ പൂജിച്ച ഉടവാൾ വലിയ തമ്പുരാന് നൽകി. വലിയതമ്പുരാൻ ഘോഷയാത്ര നയിക്കുന്ന

രാജപ്രതിനിധിക്ക് ഉടവാൾ കൈമാറി അനുഗ്രഹിച്ചു. 12.50ന് തിരുവാഭരണങ്ങൾ പെട്ടികളിലാക്കി. മേൽശാന്തി നീരാജനമുഴിഞ്ഞു. രാജപ്രതിനിധിയും പരിവാരങ്ങളും ക്ഷേത്രത്തിനു പുറത്തിറങ്ങി രാജരാജശേഖര മണ്ഡപത്തിനു മുമ്പിൽ ഒരുക്കിയിരുന്ന പല്ലക്കിലേറി യാത്രതിരിച്ചു. കൃത്യം ഒരുമണിക്കുതന്നെ തിരുവാഭരണ പേടകങ്ങൾ ക്ഷേത്രത്തിനു പുറത്തേക്കെടുത്ത് ഘോഷയാത്ര പുറപ്പെട്ടു.

തിരുമുഖമടങ്ങുന്ന പ്രധാനപെട്ടി ഗുരുസ്വാമി കുളത്തിനാൽ ഗംഗാധരൻ പിള്ളയും പൂജാപാത്രങ്ങളടങ്ങുന്ന രണ്ടാമത്തെ പെട്ടി മരുതമനയിൽ ശിവൻപിള്ളയും കൊടിയും ജീവതയുമടങ്ങുന്ന മൂന്നാമത്തെ പെട്ടി കിഴക്കേതോട്ടത്തിൽ പ്രതാപചന്ദ്രൻ നായരും ശിരസിലേറ്റി. ആയിരക്കണക്കിന് തീർഥാടകർ ഇരുമുടിക്കെട്ടുമേന്തി ശരണം വിളികളോടെ ഘോഷയാത്രയെ അനുഗമിച്ചു.

തിരുവാഭരണ പാതയിൽ നിരവധി സ്ഥലങ്ങളിലെ സ്വീകരണങ്ങളേറ്റുവാങ്ങി അയിരൂർ പുതിയകാവ് ദേവീക്ഷേത്രത്തിലെത്തി സംഘം വിശ്രമിച്ചു. രണ്ടാംദിവസം ഘോഷയാത്രാസംഘം ളാഹ വനം വകുപ്പ് സത്രത്തിൽ തങ്ങും. മൂന്നാംദിവസം ശബരിപീഠം വഴി ശരംകുത്തിയിലെത്തിച്ചേരുന്ന ഘോഷയാത്രയെ ദേവസ്വം അധികാരികൾ സ്വീകരിക്കും. സന്നിധാനത്തെത്തി ആഭരണങ്ങൾ അയ്യപ്പവിഗ്രഹത്തിൽ ചാർത്തി ദീപാരാധന നടത്തുമ്പോൾ പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയും.

ഘോഷയാത്രയ്ക്കൊപ്പം പമ്പയിലെത്തി വിശ്രമിക്കുന്ന രാജപ്രതിനിധി മൂന്നാംദിവസം മലകയറി ദർശനം നടത്തും. കളഭവും കുരുതിയും കഴിഞ്ഞ് നടയടച്ച് താക്കോൽ ഏറ്റുവാങ്ങി വരും മാസ പൂജകൾക്കായി താക്കോൽ മേൽശാന്തിക്ക് കൈമാറിയശേഷമാണ് രാജപ്രതിനിധി തിരുവാഭരണങ്ങളുമായി പന്തളത്തേക്ക് മടങ്ങുന്നത്.

**(പി.ആർ. ശബരി-349)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY | 13 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### ഒരുക്കങ്ങൾ പൂർണം ; മകരവിളക്ക് നാളെ (ജനുവരി 15)

ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിൽ നാളെ (ജനുവരി 15) നടക്കുന്ന മകരവിളക്ക് ഉത്സവത്തിന് ഒരുക്കങ്ങൾ പൂർത്തിയായി. തിരക്ക് നിയന്ത്രിക്കുന്നതിനും സുരക്ഷ ഒരുക്കുന്നതിനും സംവിധാനങ്ങൾ പോലീസ്, എൻ.ഡി.ആർ.എഫ് , ദ്രുതകർമ സേനാ വിഭാഗങ്ങൾ ശക്തമാക്കിയിട്ടുണ്ട്.

ഇന്നലെയോടെ സന്നിധാനത്ത് തിരക്ക് വർധിച്ചിരിക്കുകയാണ്. തിരക്ക് നിയന്ത്രിക്കുന്നതിന് കൂടുതൽ പോലീസ് ചുമതലയേറ്റു. നിലവിലുള്ളവരെക്കൂടാതെ 200 ഓളം പോലീസുകാരെയാണ് പുതുതായി തിരക്ക് നിയന്ത്രിക്കുന്ന ജോലികൾക്ക് മാത്രമായി നിയോഗിച്ചിട്ടുള്ളത്. രണ്ട് ഡിവൈ.എസ്.പിമാർ, മൂന്നു സി.ഐ.മാർ, 16 എസ്.ഐമാർ എന്നിവരെയും ഇതിനായി നിയോഗിച്ചിട്ടുണ്ട്. ഇത് കൂടാതെ സന്നനിധാനത്ത് 1475 പോലീസുകാർ നിലവിൽ ജോലിനോക്കുന്നു. ഇതിൽ 15 ഡിവൈ.എസ്.പി., 36 സി.ഐ,160 എസ്.ഐ, എ.എസ്.ഐമാർ എന്നിവരും നിലവിൽ ഭക്തരുടെ സുരക്ഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.70 പേരടങ്ങുന്ന ബോംബ് സ്ക്വാഡ് സന്നിധാനത്ത് എപ്പോഴും പ്രവർത്തനനിരതമാണ്. പോലീസ് ടെലികമ്മ്യൂണിക്കേഷനിലും 20 പേരെ നിയോഗിച്ചിട്ടുണ്ട്.കേരള പോലീസിലെ ക്വിക് റസ്പോൺസ് ടീമും മകരവിളക്കിന് മുന്നോടിയായി സന്നിധാനത്തെത്തിയിട്ടുണ്ട്.

മകരവിളക്ക് കഴിഞ്ഞ ശേഷം ഭക്തർ തിരിച്ചിറങ്ങുമ്പോൾ ഉണ്ടാകുന്ന തിക്കും തിരക്കും നിയന്ത്രിക്കുന്നതിന് പൊലീസും ദ്രുതകർമസേനയും എൻ.ഡി.ആർ.എഫും യോജിച്ച് പ്രവർത്തിക്കും. പാണ്ടിത്താവളം, ജീപ്പ് റോഡ്, വടക്കേ നട, മാളികപ്പുറത്തെ ഇറക്കം തുടങ്ങി വിവിധ ഇടങ്ങളിലും പർണശാലകൾക്ക് സമീപവും പ്രത്യേക നിരീക്ഷണത്തി

ലായിരിക്കും. ഫയർഫോഴ്സ് വിഭാഗവും ജാഗ്രതയോടെ രംഗത്തുണ്ട്.

14ന് ചൊവ്വാഴ്ച വൈകുന്നേരം 4.00 ന് നട തുറന്നാൽ പതിവുപോലെ രാത്രിയിൽ ഹരിവരാസനം പാടി നട അടയ്ക്കുന്ന ചടങ്ങ് അന്നേ ദിവസം ഉണ്ടായിരിക്കില്ല. 15ന് പുലർച്ചെ 2.30 ന് മാത്രമേ ഹരിവരാസനം പാടി നട അടക്കുകയുള്ളൂ.
ജനുവരി 15 ബുധനാഴ്ച മകരവിളക്ക് ദിനം പുലർച്ചെ 2.09 നു മകരസംക്രമപൂജ നടക്കും. തിരുവനന്തപുരം കവടിയാർ കൊട്ടാരത്തിൽ നിന്ന് പ്രത്യേക ദൂതൻ വഴി കൊണ്ടുവരുന്ന നെയ്യ് ഉപയോഗിച്ചാണ് സംക്രമാഭിഷേകം. പുലർച്ചെ 4.00 മണിക്ക് നട വീണ്ടും തുറക്കും.
തുടർന്ന് നിർമ്മാല്യദർശനവും,അഭിഷേകവും 4.15 മുതൽ 7.00 വരെ നെയ്യഭിഷേകവും 7.30 ന് ഉഷപൂജ. 8മുതൽ 11.00 മണി വരെ നെയ്യഭിഷേകം .11.30 ന് കലശാഭിഷേകം, ഉച്ചപൂജ കഴിഞ്ഞ് 1.00 മണിക്ക് ക്ഷേത്ര നട അടയ്ക്കും. വൈകുന്നേരം 5.00 മണിക്ക് ആണ് പിന്നീട് നട തുറക്കുക.

മകരവിളക്ക് ദിവസം വൈകുന്നേരം ശരംകുത്തിയിലെത്തുന്ന തിരുവാഭരണ ഘോഷയാത്രയെ സ്വീകരിക്കുന്നതിന് 5.15ഓടെ ക്ഷേത്ര സന്നിധിയിൽ നിന്ന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടുന്ന സംഘം പുറപ്പെടും. ക്ഷേത്ര സന്നിധിയിൽ എത്തുന്ന തിരുവാഭരണ പേടകത്തെ ദേവസ്വം മന്ത്രി, ദേവസ്വം ബോർഡ് പ്രസിഡന്റ്, സ്പെഷൽ കമ്മീഷണർ എന്നിവർ ഉൾപ്പെടുന്ന സംഘം ഏറ്റുവാങ്ങും. തുടർന്ന് 6.30 ന് പൊന്നമ്പലവാസന് തിരുവാഭരണം ചാർത്തി മഹാദീപാരാധന നടക്കും.

6.45 ന് പൊന്നമ്പലമേട്ടിൽ മകരവിളക്ക്ദർശനം . തുടർന്ന് ആകാശത്ത് മകരജ്യോതി തെളിയും. വിളക്ക് ദർശനത്തിനുശേഷം ഭക്തർക്ക് തിരുവാഭരണം ചാർത്തിയുള്ള അയ്യപ്പവിഗ്രഹ ദർശിക്കാം.
ഭക്തർക്ക് ജനുവരി 20 വരെ മാത്രമേ അയ്യപ്പ ദർശനം ഉണ്ടാകൂ. 21 ന് നട അടയ്ക്കും.

**(പി.ആർ. ശബരി-350)**

## അയപ്പ ഭക്തൻ മരിച്ചു

ഹൃദയാഘതത്തെ തുടർന്ന് തിങ്കളാഴ്ച സന്നിധാനത്ത് അയപ്പ ഭക്തൻ മരണമടഞ്ഞു. കർണാടക, കുടക് സ്വദേശി സുബ്രമണ്യൻ (52)ആണ് മരിച്ചത്.

**(പി.ആർ. ശബരി-351)**

## സുരക്ഷയ്ക്ക് ഒപ്പം സമ്മാനവും

ശബരിമല തീർത്ഥാടകരുടെയും പൂങ്കാവനത്തിന്റെയും സുരക്ഷക്കായ് ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ സന്നിധാനത്ത് സേഫ്റ്റി വാക് 20 -20 എന്ന സുരക്ഷ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.പരിപാടിയുടെ ഭാഗമായി ലഘുലേഖകളും ചോദ്യാവലിയും വിതരണം ചെയ്തു. ശരീരത്തിൽ പൊള്ളലേറ്റാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷ, വസ്ത്രത്തിൽ തീപിടിച്ചാൽ എന്തു ചെയ്യണം, മലകയറുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യം, തുടങ്ങി ചോദ്യാ വലിയിൽ അടങ്ങിയിട്ടുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം പൂരിപ്പിച്ച് നൽകുന്നവർക്ക് അഗ്നിശമന സേനയുടെ വക സമ്മാനം നൽകും. ഓരോ ചേദ്യങ്ങൾക്കും നാല് ഉത്തരങ്ങൾ വീതം നൽകിയിട്ടുണ്ട്. സുരക്ഷയെ മുൻനിർത്തിയുള്ള 20 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി മലയാളം, തമിഴ്, കന്നട, തെലുങ്ക്, ഇംഗ്ലീഷ് ഭാഷകളിലാണ് വിതരണം ചെയ്തത്. എല്ലാ

ഭാഷകളിൽ നിന്നും ശരിയുത്തരമയക്കുന്നവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് പേർക്ക് വീതമാണ് സമ്മാനം ലഭിക്കുക. ലഘുലേഖ വിതരണപരിപാടിയുടെ ഉദ്ഘാടനം ശബരിമല തന്ത്രി കണ്ഠരര് മഹേഷ് മോഹനര് നിർവ്വഹിച്ചു.
അഗ്നി സുരക്ഷാ മാർഗങ്ങളെപ്പററി തീർത്ഥാടകരിൽ അവബോധം സൃഷ്ടിക്കുന്നതിനും പൂങ്കാവനത്തിന്റെ സുരക്ഷയെ മുൻനിർത്തിയുമാണ് പരിപാടി സംഘടിപ്പിച്ചതെന്ന് സന്നിധാനം അഗ്നിശമന സേന സ്പെഷ്യൽ ഓഫീസർ എസ് എൽ ദിലീപ് പറഞ്ഞു. ശബരിമല മേൽശാന്തി അരീക്കര സുധീർ നമ്പൂതിരി, ശബരിമല സ്പെഷ്യൽ കമ്മിഷണർ എസ് മനോജ്, എക്സിക്യൂട്ടീവ് ഓഫീസർ വി. എസ് രാജേന്ദ്രപ്രസാദ്, സന്നിധാനം ഫയർ സ്റ്റേഷൻ ഓഫീസർ കെ.വി ശിവദാസൻ , അഗ്നിശമന സേനാംഗങ്ങൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**(പി.ആർ. ശബരി-352)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.